# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 405 — 15.05.2017 -ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. എ. റഹീം<br>,, എ. എൻ. ഷംസീർ<br>പ്രൊഫ. കെ. യു. അരുണൻ<br>ശ്രീമതി. വീണാ ജോർജ്ജ് : | പ്രൊഫ. സി രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പ്രകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന സ്കീമുകൾ എന്തെല്ലാമാണ്; | (എ) | രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പ്രകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന സ്കീമുകൾ താഴെ പറയുന്നവയാണ്.<br>1. നിലവിലുള്ള സ്വയം ഭരണ കലാലയങ്ങളെ സർവ്വകലാശാലകളാക്കി മാറ്റുന്ന പദ്ധതി.<br>2. നിലവിലുള്ള ക്ലസ്റ്റർ കോളേജുകളെ സർവ്വകലാശാലകളാക്കി മാറ്റുന്ന പദ്ധതി.<br>3. അടിസ്ഥാന സൗകര്യ വികസനം സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക്.<br>4. പുതിയ ആർട്സ് & സയൻസ് മാതൃകാ കോളേജുകൾ തുടങ്ങുന്ന പദ്ധതി.<br>5. നിലവിലുള്ള ഡിഗ്രി കോളേജുകളെ മാതൃകാ കോളേജുകളായി ഉയർത്തുന്ന പദ്ധതി.<br>6. പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി.<br>7. കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി.<br>8. ഗവേഷണം, നൂതന ആശയങ്ങൾ, നിലവാരം മെച്ചപ്പെടുത്തുക എന്നിവയ്ക്കായുള്ള പദ്ധതി.<br>9. വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തിക സാമൂഹിക സമത്വം നടപ്പിലാക്കാനുള്ള പദ്ധതി.<br>10. പുതിയ അദ്ധ്യാപക നിയമനങ്ങൾക്കായുള്ള |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സഹായം.<br>11. അദ്ധ്യാപക പരിശീലനത്തിനായി പരിശീലന കേന്ദ്രങ്ങളെ നവീകരിക്കുന്ന പദ്ധതി.<br>12. ഉന്നത വിദ്യാഭ്യാസ മേഖലയിൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്ന പദ്ധതി.<br>13. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥ തലത്തിൽ ആവശ്യമായ പരിശീലനം നടപ്പിലാക്കുന്ന പദ്ധതി.<br>14. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിയ്ക്കുന്ന പ്രമുഖ ഏജൻസികളെ നവീകരിക്കുവാനുള്ള പദ്ധതി.<br>15. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും വേണ്ടി പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അനദ്ധ്യാപകരുടെയും അടിസ്ഥാന വിവര ശേഖരണം നടത്തുന്നതിനായിട്ടുള്ള പദ്ധതികൾ.<br>16. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുതിയ ആശയങ്ങൾ പ്രാവർത്തികമാക്കുന്ന പദ്ധതി.<br>17. സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ നവീകരണത്തിനായുള്ള പദ്ധതി.<br>18. ഭരണ ഉപദേശക മൂല്യ നിർണ്ണയ ഗവേഷണ പദ്ധതി. |
| (ബി) | സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനും സംസ്ഥാനത്ത് റൂസ പദ്ധതി പ്രകാരം ലഭിച്ച ഫണ്ടും അതിന്റെ വിനിയോഗവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം | (ബി) | ഉണ്ട്.<br>സംസ്ഥാനത്തിന് ഇതുവരെ ആകെ **98,38,66,667/-** രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ നിന്നും 91.25 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. റൂസ ഫണ്ട് നൽകിയ സ്ഥാപനങ്ങളിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് നിലവിൽ ഉണ്ട്. ഇതുകൂടാതെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും പദ്ധതികൾ വിലയിരുത്തും. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ ഭാഗമായ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പും നിലവിലുണ്ട്. വിദഗ്ധരായ 20 പ്രൊഫസർമാരുടെ ഒരു പാനൽ ആണ് ഈ ഗ്രൂപ്പ്. |

| | | | |
|---|---|---|---|
| | നൽകുമോ; | | ഇവരും പദ്ധതികളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തും. റൂസ പദ്ധതിയുടെ ഒന്നാം ഗഡു സ്ഥാപനങ്ങൾക്ക് നൽകുകയും അവയുടെ പുരോഗതി വിലയിരുത്തുകയും അതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ നിന്നും ചിലവഴിച്ചതിന്റെ സാക്ഷ്യപത്രം ലഭിയ്ക്കുകയും ചെയ്യും. ഇപ്രകാരം ലഭിച്ച സാക്ഷ്യപത്രം കേന്ദ്ര മാനവശേഷി വികസന വകുപ്പിന് അയച്ചു കൊടുക്കുകയും അതിനുള്ള അംഗീകാരമായി 2-ാം ഗഡു സ്ഥാപനങ്ങൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നയപരമായ ഇടപെടൽ നടത്തേണ്ട കേരള ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട്.<br>ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനം നവീകരിക്കുന്നതിലേക്കായി ഡോ. രാജൻ ഗുരുക്കൾ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ